# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 106 — 31.10.2019-ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>,, എ. പ്രദീപ്കുമാർ<br>,, എൻ. വിജയൻ പിള്ള : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കായി പൂർണ്ണമായ അപകട ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള അപകടങ്ങളെയാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) | ഉണ്ട്. 07.12.2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഫിഷറീസ് വകുപ്പ് മത്സ്യബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി മുഖേന മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബത്തിന് 10 ലക്ഷം രൂപ ഇൻഷ്വറൻസ് തുകയായി ലഭിക്കും. അപകടമരണത്തിന് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയും, പ്രധാൻ മന്ത്രി സുരക്ഷാ ബീമയോജന പദ്ധതി, ആം ആദ്മി ബീമ യോജന എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴി ലാളികൾക്കായി മത്സ്യഫെഡ് മുഖേനയും അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിലും മരണമടയുന്നവരുടെ കുടുംബത്തിന് 10 ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. |
| (ബി) | ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായി ലഭ്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായി ലഭ്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 17.09.2018 ൽ ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മത്സ്യബോർഡ് പ്രതിനിധികളും ഇൻഷ്വറൻസ് കമ്പനിയുടെ |

| | | |
|---|---|---|
| | | പ്രതിനിധികളുമായി ചേർന്ന് ഇൻഷുറൻസ് അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച് യോഗം കൂടുകയുണ്ടായി. അതിൻപ്രകാരം മേഖലാ അടിസ്ഥാനത്തിൽ അപേക്ഷകളിൽ നിലവിലുള്ള പോരായ്മകൾ /ന്യൂനതകൾ ഇൻഷുറൻസ് കമ്പനി അറിയിക്കുമ്പോൾ ആയത് പരിഹരിച്ച് നൽകി കാലതാമസം കൂടാതെ ക്ലെയിം തുക വിതരണം ചെയ്യുന്നതിന് 25.09.2018 ന് ആലപ്പുഴ, 28.09.2018 ന് കോഴിക്കോട്, 01.10.2018 ന് എറണാകുളം, 03.10.2018 ന് കണ്ണൂർ, 05.10.2018 ന് തിരുവനന്തപുരം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ അദാലത്ത് സംബന്ധിച്ച യോഗം ചേരുകയും ആയത് പ്രകാരം ന്യൂനതകൾ പരിഹരിച്ച് ക്ലെയിം തുക അപേക്ഷകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**